ഭാസുരസ്മൃതി

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 86–ാം ഓർമ്മപ്പെരുന്നാൾ കോട്ടയം പഴയ സെമിനാരിയിൽ, ഫെബ്രുവരി 21, 22

വട്ടശ്ശേരിൽ തിരുമേനിയുടെ സഭാദർശനം

വെരി. റവ. തോമസ് എബ്രഹാം കോറെപ്പിസ്കോപ്പ
(പഴയ സെമിനാരി മാനേജർ)

മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ കർമ്മധീരതയുടെ ചരിത്രം മലങ്കരസഭയുടെയും കർമ്മധീരതയുടെ ചരിത്രമാണ്. മലങ്കര സഭയുടെ ചരിത്രത്തോടൊപ്പം വളർന്നുവന്ന് മലങ്കരസഭയെ ചരിത്ര മാനങ്ങളിലേക്ക് ഉയർത്തിക്കൊണ്ട് ചരിത്ര സാക്ഷ്യം നിർവഹിച്ച മഹാനുഭാവനാണ് പ. വട്ടശ്ശേരിൽ തിരുമേനി. മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യവും സ്വയശീർഷകത്വവും ഊട്ടിയുറപ്പിക്കുക മാത്രമല്ല പ. വട്ടശ്ശേരിൽ തിരുമേനി ചെയ്തത്. മലങ്കര സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുന്നതിനും പ. പിതാവ് പരിശ്രമിച്ചു. പാത്രിയർക്കേറ്റിനു തുല്യമായി മലങ്കരയിൽ സ്വതന്ത്ര കാതോലിക്കേറ്റ് എന്ന ആശയം സഫലമാക്കിയത് അതിലേക്കൊരു മാർഗമായി വട്ടശ്ശേരിൽ തിരുമേനി കരുതി. സഭയ്ക്കു ഒരു വ്യവസ്ഥാപിത ഭരണഘടന ഉണ്ടാകണമെന്ന് അദ്ദേഹം വിഭാവനം ചെയ്തതും സഭയിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കണമെന്ന അഭിലാഷത്തിന്റെ അടിസ്ഥാനത്തിലാണ്.

വട്ടശ്ശേരിൽ തിരുമേനിയുടെ ഇത്തരത്തിലുള്ള സഭാദർശനത്തിന്റെ സാക്ഷ്യമാണ് അദ്ദേഹത്തിന്റെ സഭാസപര്യകൾ. പതിനെട്ടാം വയസ്സിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് മൂന്നാമനിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ച 1876 മുതൽ 1934–ൽ എഴുപത്തിനാലാം വയസ്സിൽ കാലം ചെയ്യുന്നതു വരെയുള്ള അര നൂറ്റാണ്ടിലേറെക്കാലം അദ്ദേഹം സഭയുടെ ചരിത്രത്തോടൊപ്പം ജീവിക്കുകയും സഭയ്ക്ക് പുതിയ ചരിത്രം സൃഷ്ടിക്കുകയും ചെയ്തു.

പ. പരുമല തിരുമേനിയിൽ നിന്നും സുറിയാനി പഠിക്കാനുള്ള ഭാഗ്യം ഗീവർഗീസ് ശെമ്മാശന് ലഭിച്ചു. അന്ത്യോഖ്യയിൽ നിന്നെത്തിയ മാർ ഗ്രീഗോറിയോസ് മലങ്കരയിൽ താമസിച്ച വേളയിൽ അദ്ദേഹത്തിൽ നിന്ന് സുറിയാനി പഠിക്കാൻ അവസരം ഉണ്ടായി. ശെമ്മാശനായിരിക്കുന്ന വേളയിൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ കൂടെയും പരുമല തിരുമേനിയുടെ കൂടെയും മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് നവീകരണത്തിന് എതിരെയുള്ള വിശ്വാസ പോരാട്ടത്തിൽ പങ്കാളിയായി.

സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയായതിനൊപ്പം സഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സെമിനാരി പഠനകാലത്തു തന്നെ വട്ടശ്ശേരിൽ തിരുമേനിക്കു ബോധ്യപ്പെട്ടിരുന്നു. സെമിനാരിയിലെ പഠനം പൂർത്തിയാക്കിയ 1880–ൽ പരുമല തിരുമേനി അദ്ദേഹത്തിന് കശീശാസ്ഥാനം നൽകി. 1881–ൽ, 23–ാം വയസ്സിൽ അദ്ദേഹത്തെ മലങ്കര മല്പാനായി നിയമിച്ചു. അങ്ങനെ മലങ്കരയിൽ ഏറ്റവും പ്രായംകുറഞ്ഞ മൽപ്പാൻ എന്നൊരു റെക്കോർഡും വട്ടശ്ശേരിൽ തിരുമേനിയുടെ പേരിൽ ഉണ്ട്.

അതിനു മുമ്പുതന്നെ, അതായത് 1878 മുതൽ വട്ടശ്ശേരിൽ തിരുമേനി പരുമല സെമിനാരിയുടെ മാനേജർ ചുമതലകൾ നിർവ്വഹിക്കാൻ തുടങ്ങിയിരുന്നു. ഈ ചുമതല അദ്ദേഹം മെത്രാൻ സ്ഥാനം സ്വീകരിക്കുന്ന 1908 വരെ തുടർന്നു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ



ഡോ. മാത്യൂസ് മാർ സേവേറിയോസ്
(കാതോലിക്കാ ബാവായുടെ അസിസ്റ്റന്റ്)

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
(സുന്നഹദോസ് സെക്രട്ടറി)

ഫാ. ഡോ. എം. ഒ. ജോൺ
(വൈദിക ട്രസ്റ്റി)

അഡ്വ. ബിജു ഉമ്മൻ
(സഭാ സെക്രട്ടറി)

മലങ്കര മല്പാനായി പ്രവർത്തിക്കുന്ന കാലത്താണ് അദ്ദേഹം *മതോപദേശസാരങ്ങൾ* എന്ന വിഖ്യാത ഗ്രന്ഥം രചിച്ചത്. വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കാൻ വേണ്ടി തയ്യാറാക്കിയ ഈ വിശ്വാസ സംഹിതകൾ ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസ സംഹിതകൾ വിവരിക്കുന്ന ഒരു ഗ്രന്ഥമായി സ്വീകരിക്കപ്പെട്ടു.

മലങ്കര–അന്ത്യോക്യൻ ബന്ധം 'ഔപചാരികമായി' ആരംഭിക്കുന്നത് 1876–ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ മലങ്കരയിൽ എത്തുന്നതോടെ ആണല്ലോ. അതിനു മുമ്പ് ഒരു പാത്രിയർക്കീസും മലങ്കരയിൽ വന്നിട്ടില്ല. 1876–ലാണ് മുളന്തുരുത്തി സുന്നഹദോസ് നടന്നത്. ഈ സുന്നഹദോസിലൂടെ തന്റെ ലൗകിക ആധിപത്യം മലങ്കരയിൽ ഉറപ്പിക്കാൻ ശ്രമിക്കുന്ന പാത്രിയർക്കീസിനെ അന്ന് ശെമ്മാശനായിരുന്ന വട്ടശേരിൽ തിരുമേനി കണ്ടു. മലങ്കര സഭയുടെ അപ്പോസ്തോലിക പാരമ്പര്യത്തെയും സ്വാതന്ത്ര്യത്തെയും നിഹനിക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ മുളന്തുരുത്തി സുന്നഹദോസിൽ ഉണ്ടായത് അദ്ദേഹം മനസ്സിലാക്കി. മലങ്കരയിലെ പള്ളികളിൽ നിന്നും വർഷംതോറും പണം പിരിച്ച് (റിശീസാ) പാത്രിയർക്കീസിന് നൽകണമെന്ന നിർദേശം പത്രോസ് മൂന്നാമൻ പാത്രിയർക്കീസിൽ നിന്നും ഉണ്ടായി. കൂടാതെ, അന്ത്യോഖ്യാ പാത്രിയർക്കീസിനോട് വിധേയത്വം പ്രഖ്യാപിക്കുന്ന ഉടമ്പടി സുന്നഹദോസിൽ പങ്കെടുത്ത പള്ളികൾ നൽകണമെന്നും കല്പന നൽകി. മലങ്കരസഭയുടെ ആത്മീയവും ഭൗതികവുമായ സ്വാതന്ത്ര്യം തകർക്കാനുള്ള ഇത്തരം നിലപാടുകൾ അന്നു തന്നെ വട്ടശ്ശേരിൽ തിരുമേനി തിരിച്ചറിഞ്ഞു.

മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ പിന്തുടർച്ചക്കാരൻ എന്ന നിലയിലാണ് 1908–ൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാൻ ആയത്. മുൻഗാമിയുടെ കാലത്ത് ആരംഭിച്ച അന്ത്യോഖ്യൻ നീരാളിപിടുത്തം വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലത്ത് രൂക്ഷമായി. മലങ്കര മെത്രാപ്പോലീത്തായെ എതിർക്കാൻ കൂട്ടുട്രസ്റ്റികളെ പാത്രിയർക്കീസ് രംഗത്ത് കൊണ്ടുവന്നു. 1910–ൽ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ എത്തി. പാത്രിയർക്കീസിന് ലൗകിക അധികാരം ലഭിക്കാൻ പഴയസെമിനാരിയിൽ സുന്നഹദോസ് വിളിച്ചു കൂട്ടിയെങ്കിലും നസ്രാണി അൽമായ നേതാക്കൾ പരസ്യമായി അതിനെ എതിർത്തു. വട്ടശ്ശേരിൽ തിരുമേനിയും അത്തരം ഉടമ്പടികളൊന്നും ഒപ്പിട്ടു കൊടുക്കാൻ തയ്യാറായില്ല.

സഭയ്ക്ക് കെട്ടുറപ്പ് ഉണ്ടാക്കിയ ഭരണഘടനയുടെ ശില്പി

പ്രൊഫ. ഇ. ജോൺ മാത്യു
(ബസേലിയസ് കോളജ് മുൻ പ്രിൻസിപ്പൽ)

ബ്രിട്ടണിൽ ജോൺ രാജാവിന്റെ (1215) ദുർഭരണത്തിൽ മനം മടുത്ത കാന്റർബറി ആർച്ച്ബിഷപ്പ്, രാജാവിനും പ്രജകൾക്കും ഒരുപോലെ ബാധകമായ നിയമവാഴ്ച നിലനിർത്താൻ തയ്യാറാക്കിയ ഒരു ഉടമ്പടിയാണ് മാഗ്നാകാർട്ടാ. യുഗങ്ങൾ കഴിഞ്ഞിട്ടും അതിനു ആനുകാലിക പ്രസക്തി ഉള്ളതുപോലെയാണ് മലങ്കരസഭയുടെ 1934-ലെ ഭരണഘടന. പ. വട്ടശ്ശേരിൽ തിരുമേനി തന്റെ പ്രാർത്ഥനയുടെയും ദർശനത്തിന്റെയും കണ്ണുനീരിന്റെയും പിൻബലത്തിൽ മനസ്സിൽ രൂപംകൊടുത്ത് പല പടവുകളും ആലോചനകളും തീരുമാനങ്ങളും പലവട്ടം ആവർത്തിച്ച് ആറ്റിക്കുറുക്കി എടുത്തതാണ് നമ്മുടെ ഭരണഘടന.

അന്ത്യോഖ്യൻ പാത്രിയർക്കീസന്മാർ മലങ്കരയിൽ ലൗകികഭരണത്തിന് നിർബന്ധം ഉന്നയിച്ചപ്പോൾ മുതലാണല്ലോ നമ്മുടെ അന്ത്യോഖ്യൻ ബന്ധത്തിന്റെ ഊഷ്മളതയ്ക്കു കോട്ടം വരാൻ തുടങ്ങിയത്.

1912 സെപ്റ്റംബർ 14-ന് മലയാള മനോരമ പത്രത്തിൽ പൗരസ്ത്യ കാതോലിക്കാ ബാവാ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനം ഭരണഘടനയുടെ പശ്ചാത്തലരംഗം വിശദീകരിക്കുന്നു: "... അന്ത്യോഖ്യയുടെ അബ്ദുള്ള പാത്രിയർക്കീസ് ... മലങ്കര എത്തി പണ്ടില്ലാത്ത അധികാരങ്ങളെല്ലാം രജിസ്റ്റർ ഉടമ്പടി മൂലം സമ്പാദിക്കുന്നതിന് വേണ്ടി ചെയ്ത ശ്രമങ്ങളെ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും മലങ്കര സഭയിൽ നിസ്സംശയമായ ഭൂരിപക്ഷം പള്ളിക്കാരും ഭൂരിപക്ഷം സഭാംഗങ്ങളും യോജിച്ച് എതിർക്കുകയും താൻ ആഗ്രഹിച്ച അധികാരങ്ങൾ ലഭിക്കാതെയായപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നേരെ മുടക്ക് എന്ന് പറഞ്ഞ് ഒരു ശകാര കത്ത് അയയ്ക്കയും ചെയ്തിട്ട് അവധിയില്ലാത്ത വണ്ണം കുഴപ്പങ്ങൾ മലങ്കരയിൽ ഉത്ഭവിപ്പിച്ചും വച്ച് മടങ്ങിപ്പോയ സംഗതി ഞങ്ങളുടെ വായനക്കാരിൽ ഏവർക്കും അറിവുള്ളതാണല്ലോ. ... ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാത്തപക്ഷം മെത്രാന്മാരെ സ്ഥാനാഭിഷേകം ചെയ്യുന്നതല്ലെന്ന് അബ്ദുള്ള പാത്രിയർക്കീസ് ശഠിച്ചു. ഇനിയും ഒരു കാലത്ത് ഓരോ പള്ളികളിൽ നിന്ന് ഇത്ര പവൻ വീതം സംഭാവന കൊടുക്കാത്ത പക്ഷം മെത്രാന്മാരെ സ്ഥാനാഭിഷേകം ചെയ്യുന്നതല്ലെന്നോ, ഉള്ളവരെ മുടക്കുന്നതാണെന്നോ ശഠിച്ചേക്കാം. നാട്ടുകാരായി ആരും തന്നെ മെത്രാന്മാരും വികാരിമാരും ആയി ആവശ്യമില്ലെന്നും വേണ്ടിടത്തോളം ആളുകളെ തുർക്കിയിൽ നിന്ന് ഇറക്കുമതി ചെയ്യണമെന്നും വേറൊരു പാത്രിയർക്കീസ് ശഠിച്ചേക്കാം. ഇങ്ങനെയുള്ള അടിമത്ത ശ്രമങ്ങൾ ഉണ്ടായാൽ അതിന് പ്രതിവിധിയെന്താണ്?" ഇപ്രകാരം ഇവിടെ ഒരു ചെറുത്തുനിൽപ്പ് ആവശ്യമായി വന്നു. അതിന്റെ ഫലം ആണ് മലങ്കരസഭയുടെ മാഗ്നാകാർട്ടാ എന്ന് വിശേഷിപ്പിക്കുന്ന 1934-ലെ വിഖ്യാതമായ ഭരണഘടന.

മലങ്കരസഭയുടെ 1934-ലെ ഭരണഘടനയ്ക്ക് ഉദ്വേഗം നിറഞ്ഞ ഒരു നാൾവഴിയുണ്ട്. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലം കാറ്റും കോളും കൊണ്ട് അസ്വസ്ഥത നിറഞ്ഞതായിരുന്നു. കെട്ടുറപ്പുള്ള ഒരു ഭരണസംവിധാനത്തിന്റെ പിൻബലത്തിൽ മാത്രമേ സഭയ്ക്ക് ലഭിക്കേണ്ട സ്വാതന്ത്ര്യവും സ്വയശീർഷകത്വവും രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളുവെന്ന് ആ ക്രാന്തദർശി വിശ്വസിച്ചു. അപ്പോഴേക്കും വട്ടിപ്പണക്കേസിൽ സഭയ്ക്കനുകൂലമായ വിധി ലഭിച്ചിരുന്നു. 1104 മേടം 11-ന് (1929) ജോൺ വക്കീലിന്റെ അധ്യക്ഷതയിൽ എം.ഡി. സെമിനാരിയിൽ യോഗം കൂടി 'വിഷയ നിർണയ കമ്മിറ്റി' രൂപീകരിച്ചു. കെ. സി. മാമ്മൻ മാപ്പിള, എ. ഒ. വർക്കി, സി. ഒ. ഉമ്മൻ മുതലായവർ ഉൾപ്പെട്ട 100 പേരുടെ കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി 12 നിശ്ചയങ്ങൾ ചെയ്തു. മൂന്നു മാസങ്ങൾക്കു ശേഷം വീണ്ടും മാനേജിംഗ് കമ്മിറ്റി കൂടി ഭരണഘടനയെ സംബന്ധിച്ച് ഒരു ഏകീകൃത ഭാവം സൃഷ്ടിച്ചു. ഭരണഘടന എഴുതി തയ്യാറാക്കുന്നതിന് പൂതക്കുഴി എബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, കെ. സി. മാമ്മൻ മാപ്പിള, ഒ. എം. ചെറിയാൻ എന്നിവരടങ്ങുന്ന പത്തംഗ സമിതി ഉണ്ടാക്കി. ഇതിനിടയിൽ ഉയർന്നു വന്ന വിശ്വാസം, പൗരോഹിത്യം, അനുഷ്ഠാനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ചില അഭിപ്രായവ്യത്യാസങ്ങൾ പരിഹരിച്ച് ഒ. എം. ചെറിയാൻ ഭരണഘടനയുടെ നക്കൽ എഴുതി ഉണ്ടാക്കി. അതിനോട് വിയോജിച്ചുകൊണ്ട് വട്ടശ്ശേരിൽ തിരുമേനി 'മലങ്കര സഭയുടെ ഭരണഘടനയെ പറ്റിയുള്ള അഭിപ്രായങ്ങൾ' എന്ന തലക്കെട്ട് കൊടുത്ത്, മെത്രാപ്പോലീത്തായുടെ പേര് വച്ച് 1932 മിഥുനം 9 മുതൽ 'കേരള കേസരി' പത്രത്തിൽ പല ദിവസങ്ങളിലായി പ്രസിദ്ധപ്പെടുത്തി. അൽമായ നേതാക്കളും തിരുമേനിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം മൂലം പ. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് ഭരണഘടന പാസ്സാക്കാനായില്ല. അദ്ദേഹത്തിന്റെ കാലശേഷം 1934 ഡിസംബർ 26-ന് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ സഭാഭരണഘടന പൂർണവും ഏകീകൃതവുമായ രൂപത്തിൽ അംഗീകരിച്ച് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ഈ ഭരണഘടനയാണ് 1958, 1995, 2017, 2019 വർഷങ്ങളിൽ ഭാരതത്തിലെ അത്യുന്നത നീതിപീഠത്തിന്റെ വിധിന്യായങ്ങളിലൂടെ ബലപ്പെട്ട് സഭയുടെ അസ്ഥിത്വത്തെ ഉറപ്പിച്ചു നിർത്തിയിരിക്കുന്നത്. സഭയുടെ കെട്ടുറപ്പിന്റെ മാത്രമല്ല സഭാ സമാധാനത്തിന്റെയും ആധാരമാണ് ഭരണഘടന. അതിന്റെ ശില്പിയായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയോട് സഭഎന്നും കടപ്പെട്ടിരിക്കുന്നു.

പ. പൗലോസ് ഒന്നാമന്റെ കാതോലിക്കാ വാഴ്ചയ്ക്കു ശേഷം എടുത്ത ഫോട്ടോ. പ. പൗലോസ് ഒന്നാമൻ ബാവാ, പ. അബ്ദൽ മശിഹാ പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനി, മാർ ഈവാനിയോസ് (കരവട്ടുവീട്ടിൽ), ഗീവർഗീസ് മാർ പീലക്സിനോസ് (രണ്ടാം കാതോലിക്കാ), ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (മൂന്നാം കാതോലിക്കാ).

പ. വട്ടശ്ശേരിൽ തിരുമേനിയുടെ വചനസുധ

സത്യവിശ്വാസവും സമാധാനവും

❑ സമാധാനത്തിനുവേണ്ടി ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കുകയോ മനഃസാക്ഷിക്കു എതിരായി പ്രവർത്തിക്കയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിയർക്കീസായാലും മെത്രാപ്പോലീത്തായായാലും ആരായാലും അങ്ങനെ ചെയ്യാവുന്നതല്ല. നമ്മുടെ കർത്താവ് ലോകത്തെ പിതാവായ ദൈവത്തോട് നിരപ്പാക്കാൻ വന്നതാകുന്നു. എന്നാൽ സാപ്രെന്മാരും പ്രീശന്മാരും തന്നെ പിടിച്ചപ്പോൾ സമാധാനത്തിനുവേണ്ടി അവർ ആവശ്യപ്പെട്ടവണ്ണം ഒക്കെ ചെയ്യാമായിരുന്നു. എന്നിട്ടു താൻ അങ്ങനെ ചെയ്തില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഭാവിയിൽ വരാനുള്ള വലിയ സമാധാനം – അതായത് പിതാവായ ദൈവത്തോടു ലോകത്തെ സമാധാനപ്പെടുത്തുക എന്നുള്ളത് – സാധിക്കയില്ലായിരുന്നു. അതിനാൽ കർത്താവ് സകല കഷ്ടതയും ആ വലിയ സമാധാനത്തിനുവേണ്ടി സഹിക്കാമെന്നാണ് വെച്ചത്. ഞാൻ പറഞ്ഞത് സാധിക്കണം എങ്കിലേ സമാധാനം ഉണ്ടാവുകയുള്ളു എന്ന് ഒരുവൻ പറയുന്നുവെങ്കിൽ അതു നിഗളമാകുന്നു. എന്നാൽ സത്യവും വിശ്വാസവും ഇന്നതാണെന്ന് ഒരുവൻ നല്ലതുപോലെ ഗ്രഹിച്ചിട്ട് അവയ്ക്കു ഭംഗം വരുത്താതെ അവയിൽ സ്ഥിരമായി നിൽക്കുന്നുവെങ്കിൽ അതു നല്ലതാകുന്നു.

❑ സത്യവിശ്വാസത്തിന് എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധമുണ്ടാക്കുകയോ സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കൽപനകളെയും അനുസരിക്കാതിരിക്കുകയോ പൈശാചികമായി നടക്കുകയോ ചെയ്യുന്നവരെ സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടരാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരമുണ്ട്. സഭയിൽനിന്നു ഭ്രഷ്ടരാക്കുന്നവരെ സത്യമുള്ള അനുതാപത്താൽ തിരിയെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെപ്പോലെ വിചാരിപ്പാനുള്ളതാകുന്നു.

കാതോലിക്കാ സിംഹാസനം

❑ നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

സഭ: "നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്." – പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

Best Compliments from

T. T. Kurian & Sons

Kalarickal Bazar, Kottayam

Ph: 0481 2563110

പോപ്പി കുടകൾ, മുത്തുക്കുടകൾ, സിൽപോളിൻ, വെള്ള പടുത മുതലായവ വില്ക്കപ്പെടും

വട്ടശ്ശേരിൽ തിരുമേനിയുടെ കർമ്മധീരത

അഡ്വ. ടോം കോര അഞ്ചേരിൽ
(സഭാ മാനേജിംഗ് കമ്മിറ്റി അംഗം)

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെയും യുഗപ്രഭാവനായ പ. പരുമല തിരുമേനിയുടെയും സ്നേഹവാൽസല്യവും അനുഗ്രഹവും ഏറ്റുവാങ്ങിക്കൊണ്ടാണ് വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ നേതൃസ്ഥാനത്തേക്ക് കടന്നുവന്നത്. 1889-ൽ റോയൽ കോടതി വിധിയിലൂടെ നവീകരണ ക്കാരുമായുള്ള സെമിനാരി കേസിൽ പുലിക്കോട്ടിൽ തിരുമേനിക്കു വിജയം കണ്ടെത്താൻ കഴിഞ്ഞത് സഭാചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നല്ലോ. സെമിനാരി കേസിന്റെ നടത്തിപ്പിൽ പരുമല തിരുമേനിയെ സഹായിച്ചത് വട്ടശ്ശേരിൽ തിരുമേനിയായിരുന്നു. അദ്ദേഹം അന്ന് മല്പാനായി പരുമല സെമിനാരിയിൽ ഉണ്ടായിരുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ലൗകികാധികാരങ്ങൾ ഒന്നുമില്ലെന്നു റോയൽ കോടതി വിധിച്ചത് പാത്രിയർക്കീസിനു മാത്രമല്ല ഇവിടുത്തെ അന്ത്യോഖ്യൻ ഭക്തന്മാർക്കും തിരിച്ചടിയായിരുന്നു. പത്രോസ് മൂന്നാമൻ മെത്രാൻപട്ടം നൽകിയ പരുമല തിരുമേനിയും, പത്രോസ് മൂന്നാമൻ ശെമ്മാശുപട്ടം നൽകിയ വട്ടശ്ശേരിൽ തിരുമേനിയും ഇടപെട്ട് നടത്തിയ സെമിനാരി കേസിൽ റോയൽ കോടതി അന്ത്യോഖ്യാ പാത്രിയർക്കീസിനെ തള്ളിക്കളയണമെങ്കിൽ അതിനു കാരണക്കാർ ആരായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇപ്രകാരം റോയൽ കോടതി വിധി മുതൽ 1934-ലെ മലങ്കരസഭാ ഭരണഘടന വരെയുള്ള ചരിത്രപരമായ വഴിത്തിരിവുകളിൽ എല്ലാം പ. വട്ടശ്ശേരിൽ തിരുമേനിയുടെ ധൈഷണിക പ്രതിഭയുടെ സ്വാധീനം ഏറെയുണ്ടായിരുന്നു. റോയൽ കോടതി വിധിക്ക് ശേഷം കോട്ടയം പഴയസെമിനാരിയിൽ മല്പാനായി പ്രവർത്തിച്ച കാലം മുതൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രപരമായ പാരമ്പര്യവും അടിത്തറയും അരക്കിട്ടുറപ്പിക്കുവാൻ വട്ടശ്ശേരിൽ തിരുമേനിക്കു കഴിഞ്ഞു. അക്കാലത്ത് പരുമല തിരുമേനിയുടെ കൂടെ വിശ്വാസ സംരക്ഷണത്തിനായി അദ്ദേഹം സജീവമായി പ്രവർത്തിച്ചു.

പ. ഗീവർഗീസ് രണ്ടാമന്റെ കാതോലിക്കാ വാഴ്ചയ്ക്കു ശേഷം എടുത്ത ഫോട്ടോ. പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, മാർ ഈവാനിയോസ് (ബഥനി), മാർ തെയോഫിലോസ് (ബഥനി).

നവീകരണക്കാരുമായുള്ള ആശയപരമായ ഏറ്റുമുട്ടലിനിടയിൽ ആയിരുന്നു വട്ടശ്ശേരി തിരുമേനിക്കു അന്ന് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കുതന്ത്രങ്ങൾക്കു എതിരെയും പോരാടേണ്ടിയിരുന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്ന പത്രോസ് മൂന്നാമനാണ് പ. പരുമല തിരുമേനിക്കു പട്ടം നൽകിയതെങ്കിലും അദ്ദേഹം നിലകൊണ്ടത് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ നേതൃത്വത്തിൻകീഴിലായിരുന്നു.

അതുപോലെ തന്നെയായിരുന്നു വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ കാര്യവും. 1908-ൽ അദ്ദേഹം മെത്രാൻ സ്ഥാനം സ്വീകരിച്ചത് അന്ത്യോഖ്യയിലെ അബ്ദുള്ള പാത്രിയർക്കീസിൽ നിന്നായിരുന്നു. മലങ്കരസഭയുടെ ഭരണത്തിനു തന്റെ പിന്തുടർച്ചക്കാരനായി ഒരു സഹായിയെ വേണമെന്ന് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ആഗ്രഹിച്ചതിൻപ്രകാരമാണ് വട്ടശ്ശേരിൽ തിരുമേനിയെ മെത്രാനായി വാഴിച്ചത്.

പത്രോസ് പാത്രിയർക്കീസിന്റെ കാലശേഷം അന്ത്യോഖ്യയിൽ പാത്രിയർക്കീസ് സ്ഥാനത്തേക്ക് തർക്കം വന്നപ്പോൾ അവിടെ രാഷ്ട്രീയാധിപത്യം നടത്തിയിരുന്ന തുർക്കി ഭരണകൂടത്തിന്റെ പിന്തുണ അബ്ദുള്ള പാത്രിയർക്കീസിനായിരുന്നു. അന്ന് സീനിയറായിരുന്ന അബ്ദേദ് മശിഹാ പാത്രിയർക്കീസിനുള്ള രാഷ്ട്രീയ അംഗീകാരം ഇല്ലാതാക്കിയാണ് അബ്ദുള്ള പാത്രിയർക്കീസ് തന്റെ സ്ഥാനം ഉറപ്പിച്ചത്. ഇദ്ദേഹത്തിനു മലങ്കരയുമായി പത്രോസ് പാത്രിയർക്കീസ് മുതൽ ബന്ധമുണ്ടായിരുന്നു. പത്രോസ് പാത്രിയർക്കീസിന്റെ കൂടെ ഇദ്ദേഹം 1876-ൽ മലങ്കരയിൽ വന്നിരുന്നു.

അതിനാൽ പത്രോസ് പാത്രിയർക്കീസിനു ശേഷം അബ്ദുള്ള പാത്രിയർക്കീസ് 1910-ൽ മലങ്കരയിൽ എത്തിയത് തന്റെ ലൗകികാധികാരം ഉറപ്പിക്കാൻ വേണ്ടിയായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം അപ്പോഴേക്കും വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാൻ സ്ഥാനം ഏറ്റെടുത്തിരുന്നു. മലങ്കരയെ തന്റെ കോളനി ആക്കാനുള്ള പത്രോസ് മൂന്നാമന്റെ ദുരാഗ്രഹം നടക്കാത്തതിനാൽ അബ്ദുള്ള പാത്രിയർക്കീസ് എത്തിയതു വട്ടശ്ശേരിൽ തിരുമേനിയെ ദുർബലനാക്കാനായിരുന്നു. വട്ടശ്ശേരിൽ തിരുമേനിക്കു അന്ത്യോഖ്യയിൽ വെച്ച് പട്ടം നൽകിയപ്പോൾ പാത്രിയർക്കീസ് അദ്ദേഹത്തിനു മലങ്കര മെത്രാപ്പൊലീത്തായുടെ പിന്തുടർച്ചക്കാരൻ എന്ന നിലയിൽ അധികാരപത്രം നൽകാൻ മടിച്ചു. അദ്ദേഹത്തെ 'സഹായി' ആയി അധികാരപത്രം നൽകാൻ പാത്രിയർക്കീസ് തുനിഞ്ഞതിനെ ഉടനെതന്നെ വട്ടശ്ശേരിൽ തിരുമേനി ചോദ്യം ചെയ്യുകയുണ്ടായി. എന്നാൽ മലങ്കരയിൽ തിരിച്ചെത്തിയ വട്ടശ്ശേരിൽ തിരുമേനിക്കു പുലിക്കോട്ടിൽ തിരുമേനി പിന്തുടർച്ചാവകാശമുള്ള അധികാരപത്രം നൽകുകയാണ് ചെയ്തത്. വട്ടിപ്പണത്തിന്റെ പലിശ വാങ്ങുന്നതിനുള്ള അധികാരവും അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിക്കു നൽകി.

അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ വരുന്നതിനു മുമ്പുതന്നെ വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റിരുന്നു. പുലിക്കോട്ടിൽ തിരുമേനിയിൽ നിന്നു കർമ്മയോഗവും പരുമല തിരുമേനിയിൽ നിന്നും ഭക്തിയോഗവും സിദ്ധിച്ച വട്ടശ്ശേരിൽ തിരുമേനി തനിക്കു ദൈവദത്തമായി ലഭിച്ച ജ്ഞാനയോഗത്തിലൂടെയാണ് മലങ്കരയിൽ എത്തിയ അബ്ദുള്ള പാത്രിയർക്കീസിന്റെ കുതന്ത്രങ്ങളെ അഭിമുഖീകരിച്ചത്. മലങ്കരയിൽ എത്തിയ അബ്ദുള്ള പാത്രിയർക്കീസ് പരുമലയിലെ പെരുന്നാൾ ദിനത്തിൽ കബറിൽ നിന്നു ലഭിച്ച പണം ആവശ്യപ്പെട്ടു. കമ്മിറ്റിയുടെ അനുവാദം കൂടാതെ പണം നൽകാൻ സാധ്യമല്ലെന്ന് വട്ടശ്ശേരിൽ തിരുമേനി മറുപടി നൽകി. ഉടനെ തന്നെ പള്ളി പ്രതിപുരുഷ യോഗം വിളിച്ചുകൂട്ടി പിന്തുണ നേടാൻ ഉള്ള തന്ത്രം പാത്രിയർക്കീസ് ആവിഷ്ക്കരിച്ചു. കബറിങ്കലെ പണമെടുക്കാൻ തനിക്ക് ആരുടെയും അനുവാദം ആവശ്യമില്ലെന്ന നിലപാടായിരുന്നു അബ്ദുള്ള പാത്രിയർക്കീസിന്. തന്റെ നീക്കത്തിനു തടസ്സം നിന്നാൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുമെന്ന് അന്നുതന്നെ അബ്ദുള്ള പാത്രിയർക്കീസ് മുന്നറിയിപ്പ് നൽകിയിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ അധികാരത്തെ ഇല്ലാതാക്കാൻ അബ്ദുള്ള പാത്രിയർക്കീസ് പിന്നീട് ഓരോ പള്ളിയിൽ നിന്നും ഉടമ്പടിപത്രം എഴുതി വാങ്ങാൻ തുടങ്ങി. എന്നാൽ പലയിടത്തു നിന്നും എതിർപ്പ് വന്നപ്പോൾ മലങ്കര മെത്രാപ്പോലീത്തായിൽ നിന്ന് ഉടമ്പടി എഴുതി വാങ്ങാൻ പാത്രിയർക്കീസ് ശ്രമിച്ചു. എന്നാൽ മലങ്കരയിൽ ലൗകിക അധികാരം പിടിച്ചെടുക്കാനുള്ള തന്ത്രത്തെ ചെറുത്തതിനെ തുടർന്നാണ് മുടക്ക് എന്ന പേരിൽ ഒരു കടലാസ് നൽകി പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ തകർക്കാൻ ശ്രമിച്ചത്.

തുടർന്നുള്ള സഭാചരിത്രം അന്ത്യോഖ്യൻ ധനമോഹത്തിന്റെയും അധികാരമോഹത്തിന്റെയും വിഷം ചീറ്റുന്ന ഒത്തിരി കഥകൾ പറയുന്നുണ്ട്. എന്നാൽ ഇത്തരം പ്രതികൂല സാഹചര്യങ്ങളിലും ധീരതയോടെ നിലകൊണ്ട വട്ടശ്ശേരിൽ തിരുമേനി അന്ത്യോഖ്യയിലെ സീനിയർ പാത്രിയർക്കീസ് ആയ അബ്ദേദ് മശിഹായുടെ നേതൃത്വത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് നിലവിൽ വരുത്തുകയും സഭയ്ക്ക് കെട്ടുറപ്പുള്ള ഒരു ഭരണഘടന ഉണ്ടാക്കാൻ അടിത്തറ ഇടുകയും ചെയ്തു. ഇതെല്ലാം സഭയുടെ സുവർണ്ണ ചരിത്രമാണ്.



മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസിനും തുമ്പമൺ ഇടവകയുടെ ഗീവർഗീസ് മാർ പീലക്സിനോസിനും കുന്നംകുളം പഴയപള്ളിയിൽ വച്ച് നസ്രാണി യോദ്ധാക്കൾ നൽകിയ ഗാർഡ് ഓഫ് ഓണർ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സെക്രട്ടറി മണലിൽ യാക്കോബ് ശെമ്മാശ്ശനും, ഗീവർഗ്ഗീസ് മാർ പീലക്സിനോസിന്റെ സെക്രട്ടറി എം. ജെ. സ്കറിയാ ശെമ്മാശ്ശനും പിന്നിൽ.

ഓർത്തഡോക്സ് സഭയുടെ മൗലികമായ വേദശാസ്ത്രം

ഡോ. പോൾ മണലിൽ

പ. വട്ടശ്ശേരിൽ തിരുമേനി നൂറ്റിയിരുപതു വർഷങ്ങൾക്ക് മുമ്പ് രചിച്ച വിഖ്യാത ഗ്രന്ഥമാണ് 'മതോപദേശസാരങ്ങൾ.' ഒന്നാം പതിപ്പ് 1900-ൽ പ്രസിദ്ധീകരിച്ചപ്പോൾ ഗ്രന്ഥനാമം 'സുറിയാനി സത്യവിശ്വാസ സഭയിലെ മതസംഗതികൾ' എന്നായിരുന്നു. വട്ടശ്ശേരിൽ തിരുമേനി തന്നെ പിഴവുകൾ തീർത്തു 1908-ൽ ഇതിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രം വരമൊഴിയിലേക്കു കൊണ്ടുവരാനുള്ള സഭയിലെ ആദ്യത്തെ ഉദ്യമമായിരുന്നു ഈ പുസ്തകം. മലങ്കരസഭയിൽ പാരമ്പര്യമായി അനുവർത്തിച്ചുകൊണ്ടിരുന്ന വിശ്വാസങ്ങളും ആചാരങ്ങളും ക്രോഡീകരിച്ചുകൊണ്ടും അതിന്റെ വേദശാസ്ത്രത്തെ അവതരിപ്പിച്ചുകൊണ്ടും രചിച്ച ഈ കൃതി മലങ്കര ഓർത്തഡോക്സ് സഭയുടെ മൗലികമായ വേദശാസ്ത്ര ആഖ്യാനമാണ്. മലങ്കരസഭയുടെ സ്വത്വത്തിന്റെ നിദർശനമെന്നും 'മതോപദേശസാരങ്ങൾ' എന്ന കൃതിയെ വിശേഷിപ്പിക്കാം.

വേദപുസ്തക പാരമ്പര്യം, സുറിയാനി, ആരാധനക്രമം, കാനോൻ, സുറിയാനി പാരമ്പര്യം, ക്രൈസ്തവസഭാ ചരിത്രം എന്നിവയുമായി ബന്ധപ്പെട്ട് വളർന്നും വികസിച്ചും പരിണാമം പ്രാപിച്ചും രൂപപ്പെട്ടതാണ് ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രം. അത് ഏതെങ്കിലും വിദേശപാരമ്പര്യത്തിന്റെ അന്ധമായ അനുകരണമല്ല. അത് ഒന്നിനെയും അന്ധമായി എതിർത്തതുമില്ല. ആദിമ നൂറ്റാണ്ടു മുതൽ പൗരസ്ത്യ സുറിയാനി ആരാധനക്രമം മലങ്കരയിൽ സ്വീകരിക്കപ്പെട്ടത് അങ്ങനെയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ ക്രമങ്ങൾ സ്വീകരിക്കപ്പെട്ടതും അങ്ങനെ തന്നെ.

മലങ്കരസഭയെ നയിച്ചതു സ്വത്വത്തെപ്പറ്റിയുള്ള ബോധമായിരുന്നു. അതുകൊണ്ട് പാളിച്ചകൾ ഉണ്ടായില്ലെന്നല്ല. എന്നാൽ ആ പാളിച്ചകളിൽ നിന്നും നമ്മൾ പുതിയ പാഠങ്ങൾ പഠിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ ഈ കൃതി അതിനാൽ പുതിയ പാഠങ്ങൾ തന്നെയാണ്. ചില പാളിച്ചകളിൽ നിന്നുള്ള മോചനം വട്ടശ്ശേരിൽ തിരുമേനി ആഗ്രഹിച്ചു. 'മതോപദേശസാരങ്ങൾ' അതിനാൽ മലങ്കരസഭയുടെ മോചനത്തിന്റെ ആഖ്യാനം കൂടിയാണ്. കാതോലിക്കേറ്റും സഭാ ഭരണഘടനയും സഭയുടെ സ്വത്വവും സ്വാതന്ത്ര്യവും ഉദ്ഘോഷിച്ചെങ്കിൽ 'മതോപദേശസാരങ്ങൾ' സഭയുടെ വിശ്വാസത്തിന്റെ ഉദ്ഘോഷണം തന്നെയാണ്. മലങ്കരസഭയുടെ വിശ്വാസാചാരങ്ങൾ വേദപുസ്തകാനുസൃതമല്ലെന്നു നവീകരണവാദികൾ കുറ്റപ്പെടുത്തിയപ്പോൾ വേദപുസ്തക സാക്ഷ്യങ്ങൾ നിരത്തിക്കൊണ്ട് സുറിയാനിസഭയുടെ വിശ്വാസാചാരങ്ങൾ വേദപുസ്തകാനുസൃതമാണെന്നും അത് അനന്യമാണെന്നും വട്ടശ്ശേരിൽ തിരുമേനി ഈ പുസ്തകത്തിലൂടെ വ്യക്തമാക്കി. മലങ്കരസഭയുടെ ഈ വേദശാസ്ത്രം വട്ടശ്ശേരിൽ തിരുമേനി ആദ്യം പഠിപ്പിച്ചത് പഴയസെമിനാരിയിലായിരുന്നു. നവീകരണവാദം ശക്തിപ്പെട്ടിരുന്ന അക്കാലത്ത് അതിനെതിരെ ആശയപരമായ പ്രചാരണം നടത്താനുള്ള ഉത്തരവാദിത്വം അന്ന് മലങ്കര മല്പാനായിരുന്ന വട്ടശ്ശേരിൽ തിരുമേനി ഏറ്റെടുക്കുകയായിരുന്നു. അന്ന് വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്ന പാഠങ്ങൾ വട്ടശ്ശേരിൽ തിരുമേനി വിശ്വാസികൾക്ക് വേണ്ടി ക്രോഡീകരിക്കുകയായിരുന്നു ഈ കൃതിയിലൂടെ.

ഈ പുസ്തകത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരത്തെ വട്ടശ്ശേരിൽ തിരുമേനി അംഗീകരിക്കുന്നുണ്ടെന്നാണ് അന്ത്യോഖ്യൻ വാദികൾ ആരോപിക്കുന്നത്. ഈ പുസ്തകത്തിലെ പത്താം സംഗതിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറോൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു." ഈ ഒരു വാചകം അടർത്തിയെടുത്തുകൊണ്ട് അന്ത്യോഖ്യൻ വാദികൾ 'മതോപദേശസാരങ്ങൾ' എന്ന കൃതിയെ തെറ്റായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നുണ്ട്. വട്ടശ്ശേരിൽ തിരുമേനി ഈ വാചകത്തിലൂടെ അന്ത്യോഖ്യൻ പാത്രിയർക്കീസിനെ വെറും നിർവചന രൂപത്തിൽ പ്രമാണവൽക്കരിക്കുകയാണ് ചെയ്യുന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അന്നത്തെ ആത്മീയാധികാരം മെത്രാന്മാരെ വാഴിക്കുവാനുള്ള ഒരു അധികാരം മാത്രമാണെന്നാണ് വട്ടശ്ശേരിൽ തിരുമേനി രേഖപ്പെടുത്തുന്നത്. എന്നാൽ അത് എക്കാലത്തും എല്ലാ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർക്കും ഉള്ളതാണെന്നു ഈ വാചകത്തിൽ വട്ടശ്ശേരിൽ തിരുമേനി സൂചിപ്പിക്കുന്നില്ല. പാത്രിയർക്കീസ് വാഴിച്ച പരുമല തിരുമേനി ഉൾപ്പെടെയുള്ള മലങ്കരയിലെ മെത്രാന്മാർ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കീഴിൽ സമാധാനപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് വട്ടശ്ശേരിൽ തിരുമേനി ഈ പരാമർശനം നടത്തിയതെന്ന് ഓർക്കണം.

പാത്രിയർക്കീസിന്റെ അധികാരം മലങ്കരയിൽ മെത്രാന്മാരെ വാഴിക്കൽ മാത്രമാണെന്നു വട്ടശ്ശേരിൽ തിരുമേനി പ്രമാണവൽക്കരിച്ചെങ്കിലും മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികനായി പാത്രിയർക്കീസിനെ ഇതിൽ പ്രതിഷ്ഠിച്ചിട്ടില്ല. 'മതോപദേശസാര'ങ്ങളിൽ അദ്ദേഹം പറയുന്നതു മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികൻ 'പ്രധാന മേൽപട്ടക്കാരൻ' ആണെന്നാണ്. ഈ പുസ്തകത്തിലെ ഒമ്പതാം സംഗതിയിൽ വട്ടശ്ശേരിൽ തിരുമേനി ഇങ്ങനെ രേഖപ്പെടുത്തുന്നു: "പ്രധാന മേൽപട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ."

വട്ടശ്ശേരിൽ മല്പാൻ ഈ പുസ്തകം എഴുതുമ്പോൾ പ്രധാന മേൽപട്ടക്കാരൻ മലങ്കര മെത്രാപ്പോലീത്തായാണ്. അതിനാൽ മൂറോൻ കൂദാശ ചെയ്യുന്നതിനുള്ള അധികാരം മലങ്കരസഭയുടെ പരമാധികാരിയായ മലങ്കര മെത്രാപ്പോലീത്തായിൽ തന്നെയാണെന്നു ഗ്രന്ഥകാരൻ വ്യക്തമാക്കുകയാണ്.

'മതോപദേശസാരങ്ങൾ' എഴുതുമ്പോൾ മലങ്കരയിൽ കാതോലിക്കേറ്റ് ഇല്ല. മലങ്കരയിൽ ലൗകികാധികാരം കയ്യാളാൻ പാത്രിയർക്കീസ് ശ്രമിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനി തന്നെയാണ് നമ്മുടെ സ്വത്വത്തിന്റെ ഒരു സ്വാഭാവിക പരിണാമമായി പിന്നീട് കാതോലിക്കേറ്റ് അവതരിപ്പിച്ചത്. അതൊരു നൂതന സ്ഥാപനമായിരുന്നില്ല. നമ്മുടെ സ്വത്വത്തിന്റെ മഹത്ത്വമായിരുന്നു അത്. അതിവിടെ അന്തർലീനമായിരുന്നു.

മലങ്കരസഭ കാതോലിക്കേറ്റ് വ്യവസ്ഥിതിയിലേക്കു പരിണമിച്ചതോടെ സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരവും മൂറോൻ കൂദാശ പോലെതന്നെ മലങ്കരയുടെ പ്രധാന മേൽപട്ടക്കാരനിൽ നിക്ഷിപ്തമായി. വിഘടിതർ 'മതോപദേശസാരങ്ങൾ' പ്രസിദ്ധപ്പെടുത്തിയപ്പോൾ ഇക്കാര്യം മനസ്സിലാക്കാതെ പോയി!

എന്തായാലും ഒരു കാര്യം വ്യക്തമായി. മലങ്കര ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രം തന്നെയാണ് അന്ത്യോഖ്യയിലേക്ക് കണ്ണുംനട്ടിരിക്കുന്ന വിഘടിതർക്കും പ്രിയംകരമായിട്ടുള്ളത്! അതുകൊണ്ടാണ് 'മതോപദേശസാരങ്ങൾ' വിഘടിതർ അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ ബദൽ കാതോലിക്കായിക്കു മൂറോൻ കൂദാശ ചെയ്യാൻ പാത്രിയർക്കീസ് അധികാരം നൽകിയിട്ടില്ലെന്നുള്ള കാര്യംപോലും ഓർക്കാൻ കഴിയാതെ പോയത്!

ഇതെല്ലാം 'മതോപദേശസാരങ്ങൾ' അവതരിപ്പിക്കുന്ന ചരിത്ര സത്യങ്ങളാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ ധിഷണ വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥത്തെപ്പറ്റി പറഞ്ഞപ്പോൾ സുറിയാനി ഒന്നാം പാഠപുസ്തകം, 1903-ലെ കുർബ്ബാനക്രമം, സഭാചരിത്രക്കുറിപ്പുകൾ എന്നിവയെപ്പറ്റിയും പരാമർശിക്കേണ്ടതുണ്ട്. സുറിയാനി ഭാഷയുടെ ആഴങ്ങളിലേക്കു വൈദിക വിദ്യാർത്ഥികൾക്കു സഞ്ചരിക്കാൻ ഉതകുന്ന തരത്തിൽ വട്ടശ്ശേരിൽ തിരുമേനി രചിച്ച ഗ്രന്ഥമാണ് 'സുറിയാനി ഒന്നാം പാഠപുസ്തകം.' ഇതിൽ സുറിയാനി അക്ഷരമാല പരിചയപ്പെടുത്തുക മാത്രമല്ല, സുറിയാനി പദങ്ങൾ പരിചയിപ്പിച്ച് വ്യാകരണനിയമങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു.

വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ് (1858–1934): ജീവിതരേഖ

മല്ലപ്പള്ളി വട്ടശ്ശേരിൽ ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ മകൻ. ജനനം 31-10-1858. 12-10-1876-ന് പത്രോസ് തൃതീയൻ 'മ്സമ്രോനോ' സ്ഥാനം നൽകി. വെട്ടിക്കൽ ദയറായിലും പരുമല സെമിനാരിയിലും മാർ ഗ്രിഗോറിയോസിൽ നിന്ന് സഭാചരിത്രം, ആരാധന, സുറിയാനി, വിശ്വാസം എന്നിവ പഠിച്ചു. 16-12-1879 ന് പൂർണ്ണ ശെമ്മാശുപട്ടവും 16-1-1880 ന് കശീശാപട്ടവും മാർ ഗ്രിഗോറിയോസിൽ നിന്ന് സ്വീകരിച്ചു. ശെമ്മാശനായിരിക്കേ 1876-ൽ അബ്ദുള്ളാ ഗ്രീഗോറിയോസിന്റെ ദ്വിഭാഷിയായി മലങ്കര മുഴുവൻ സന്ദർശിച്ചു. പരുമല സെമിനാരിയിൽ മല്പാനായും മാനേജർ ആയും നിയമിതനായി. കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പൽ ആയും പഴയസെമിനാരി മല്പാനായും പ്രവർത്തിച്ചു. 1903 നവം. 2-ന് പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് റമ്പാൻ സ്ഥാനം നൽകി. കോനാട്ട് മല്പാനുമൊന്നിച്ച് കുർബാനക്രമം മലയാളത്തിൽ ഗാനങ്ങളും ഇന്നത്തെ തുബ്ദേനുകളും ചേർത്തു പരിഷ്ക്കരിച്ച് 1903-ൽ പ്രസിദ്ധീകരിച്ചു. *മതോപദേശസാരം*, *സുറിയാനി ഒന്നാംപാഠം* എന്നീ പ്രാമാണിക ഗ്രന്ഥങ്ങളും രചിച്ചു. 14-2-1908 ലെ പഴയസെമിനാരി അസോസ്യേഷൻ മലങ്കര മെത്രാന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. 31-5-1908 ന് യെരുശലേമിൽ വച്ച് അബ്ദുള്ളാ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടക്കാരനായി വാഴിച്ചു. നാട്ടിലെത്തിയ ഇദ്ദേഹത്തിന് ചുമതലകളും ആസ്ഥാനവും നിയമപരമായും ഔപചാരികമായും ഒഴിഞ്ഞുകൊടുത്തു പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിലേക്ക് മാറി താമസിച്ചു. 1909 ജൂലായ് 12-നുശേഷം കൊച്ചു മെത്രാച്ചൻ പൂർണ്ണ മലങ്കര മെത്രാപ്പോലീത്താ ആയി.

1911-ൽ അബ്ദുള്ളാ പാത്രിയർക്കീസ് അന്യായമായി മുടക്കി. ഭൂരിഭാഗം സമുദായാംഗങ്ങളും മെത്രാപ്പോലീത്തായെ അനുകൂലിച്ചു. വൈദികട്രസ്റ്റിയും അത്മായട്രസ്റ്റിയും പാത്രിയർക്കീസിനൊപ്പം കൂടി. തുടർന്ന് അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസ് മുടക്ക് വ്യർത്ഥമാണെന്ന് പ്രഖ്യാപിച്ചു. അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ക്ഷണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് ഒന്നാം കാതോലിക്കാ ആയി. മലങ്കരസഭയിൽ രണ്ടു കക്ഷികൾ രൂപപ്പെട്ടു. സഭാ സമാധാനത്തെ പ്രതി മർദീൻ യാത്ര ഉൾപ്പെടെ മെത്രാപ്പോലീത്താ നടത്തിയ ശ്രമങ്ങൾ വിഫലമായി. കോടതിയിൽ അനുകൂലമായും പ്രതികൂലമായും വിധികൾ ഉണ്ടായി. സെമിനാരിയുടെ കൈവശാവകാശം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടു. സമാന്തര അസോസ്യേഷനും സമാന്തര ട്രസ്റ്റികളും ഉണ്ടായി. വിശ്വസ്ത ശിഷ്യൻ ബഥനിയുടെ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നിവരുടെ നേതൃത്വത്തിൽ ഒരു വിഭാഗം മലങ്കര റീത്ത് സൃഷ്ടിച്ച് കത്തോലിക്കാസഭയിൽ ചേക്കേറി. വ്യവഹാരം അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയെയും പാണ്ഡിത്യത്തെയും നിഷ്പ്രഭവും നിഷ്ഫലവുമാക്കി. ഒരു ഭരണഘടനയ്ക്ക് രൂപം നൽകുവാൻ ശ്രമിച്ചു എങ്കിലും അത് പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കാലത്ത് നാലു പാത്രിയർക്കീസന്മാരും മൂന്ന് കാതോലിക്കാമാരും അധികാരം വഹിച്ചു. കറകളഞ്ഞ നിഷ്ഠകളും കാപട്യലേശമില്ലാത്ത ഭക്തിയും ചര്യകളും പ്രത്യുല്പന്നമതിത്വം തികഞ്ഞ പാണ്ഡിത്യവും ഉന്നതശീർഷനായ അദ്ദേഹത്തെ അനന്യനാക്കുന്നു. എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും ശക്തി പകർന്ന അദ്ദേഹം സഭാഭാസുരൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു. 1934 ഫെബ്രു. 23-ന് ദിവംഗതനായി. കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ തെക്കേ മുറിയിൽ കബറടക്കപ്പെട്ടു. പ. സുന്നഹദോസ് 2003 ഫെബ്രു 24-ന് അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 86 – ാം ഓർമ്മപ്പെരുന്നാൾ

2020 ഫെബ്രുവരി 19 ബുധൻ

7.00 pm	കൺവൻഷൻ ഉദ്ഘാടനം	ഡോ. മാത്യൂസ് മാർ സേവേറിയോസ്
	പ്രസംഗം	ഫാ. ഡോ. സജി അമയിൽ

ഫെബ്രുവരി 20 വ്യാഴം

9.30 am	**വിപാസന സെമിനാർ:** ജീവിതനൈപുണ്യ വികസനത്തിന്റെ ആവശ്യകത	
7.00 pm	പ്രസംഗം	ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഫെബ്രുവരി 21 വെള്ളി

10.00 am	പ്രസംഗ മത്സരം
3.00 pm	വട്ടശ്ശേരിൽ തിരുമേനിയും സഭാ ഭരണഘടനയും സെമിനാർ
	ഉദ്ഘാടനം: ജസ്റ്റീസ് ജോൺ മാത്യു
	ആമുഖ പ്രസംഗം: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്
	മോഡറേറ്റർ: ഡോ. പോൾ മണലിൽ
7.00 pm	അനുസ്മരണ പ്രസംഗം: തോമസ് പോൾ റമ്പാൻ
8.30 pm	പ്രദക്ഷിണം, തീർത്ഥാടകർക്ക് വരവേല്പ്, ക്രിസ്തീയ ഗാനസന്ധ്യ

ഫെബ്രുവരി 22 ശനി

8.00 am	വി. മൂന്നിന്മേൽ കുർബ്ബാന, ശ്ലൈഹിക വാഴ്വ്
	പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ

Printed and Published by Very Rev. Thomas Abraham Cor-Episcopa, Manager, Old Seminary, Kottayam. Printing: Sophia Print House, Kottayam